# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

രജിസ്ട്രാറുടെ കാര്യാലയം, പൂക്കോട്, ലക്കിടി.പി.ഒ., വയനാട് – 673 576

*ഈമെയിൽ: registrar@kvasu.ac.in, officeregistry@kvasu.ac.in, ഫോൺ: 04936 209230, 209223*


നം. KVASU/GA/B2/2345/2026(1) പൂക്കോട്, തീയതി, 01/04/2026

## ക്വട്ടേഷൻ നോട്ടീസ്

സർവകലാശാലയിലെ ജീവനക്കാർക്ക് 2026 -27 സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ ഐഡന്റിറ്റി കാർഡ്, ടാഗ് എന്നിവ തയ്യാറാക്കി സർവ്വകലാശാല ഓഫീസിൽ ലഭ്യമാക്കുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷനുകൾ മുദ്രവെച്ച കവറിൽ ക്ഷണിച്ചു കൊള്ളുന്നു. അച്ചടിച്ച് വാങ്ങാൻ ഉദ്ദേശിക്കുന്ന ഐഡന്റിറ്റി കാർഡ്,ടാഗ് എന്നിവയുടെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | സ്പെസിഫിക്കേഷൻ |
|---|---|---|
| 1 | ഐഡന്റിറ്റി കാർഡ് | 1.Shape: Rectangle<br>2.Double Sided<br>3.Size: 9 cm നീളം(ഉയരം) x 6 cm വീതി ഉള്ള ഹോൾഡറിൽ ഉൾക്കൊള്ളും വിധം.<br>4.ജീവനക്കാരുടെ വിവരങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിക്കണം.<br>5.മെറ്റീരിയൽ: പി.വി.സി |
| 2 | ഐഡന്റിറ്റി കാർഡ് ടാഗ് | 1.90 സെ.മീറ്റർ നീളത്തിലും 1.5 സെ.മീറ്റർ വീതിയിലും ട്രാൻസ്പരന്റ് ഹോൾഡർ ഉൾപ്പടെ.<br>2.ടാഗിൽ KERALA VETERINARY AND ANIMAL SCIENCES UNIVERSITY POOKODE ,WAYANAD എന്ന് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തേണ്ടതാണ്.<br>3.സർവകലാശാലയുടെ എംബ്ലം രേഖപ്പെടുത്തേണ്ടതാണ്. |

ക്വട്ടേഷൻ കവറിന് പുറത്ത് **"ഐഡന്റിറ്റി കാർഡ് ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തി രജിസ്ട്രാർ,കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി,പൂക്കോട്,വയനാട്-673576 എന്ന വിലാസത്തിൽ **27/04/2026 വൈകീട്ട് 3** മണിക്ക് മുൻപായി സർവകലാശാല രജിസ്ട്രാറുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. സമയ പരിധിക്കകം ലഭ്യമായ ക്വട്ടേഷനുകൾ അന്നേദിവസം 3.30 PM ന് രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, ഹാജരുള്ള ക്വട്ടേഷനറെൻമാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ഏറ്റവും കുറവ് നിരക്ക്, ഗുണനിലവാരം എന്നിവ പരിശോധിച്ച് വർക് ഓർഡർ നൽകുന്നതാണ്.ഐഡന്റിറ്റി കാർഡ്,ഐഡന്റിറ്റി കാർഡിൻ്റെ ടാഗ് എന്നിവയുടെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## നിബന്ധനകൾ

1. ഐഡന്റിറ്റി കാർഡ് നിർമിച്ചു നൽകുന്നതിന് ഒരെണ്ണത്തിന്റെ നിരക്ക് (ഡിസൈനിങ് ചാർജ് ഉൾപ്പെടെ) പ്രത്യകം രേഖപ്പെടുത്തേണ്ടതാണ്.

2. ഐഡന്റിറ്റി കാർഡിൻ്റെ ടാഗ് (ട്രാൻസ്പരന്റ് ഹോൾഡർ ഉൾപ്പടെ) ഒരെണ്ണത്തിന്റെ നിരക്ക്.

3.എല്ലാ നികുതികളും ഗതാഗത കൂലിയും ഉൾപ്പടെയുള്ള നിരക്കാണ് ക്വട്ടേഷനിൽ

Approved By Michael Murali P (DEPUTY REGISTRAR) on April 1, 2026 12:00 AM IST
(The document is digitally approved and does not require any Seal or Signature in original)

രേഖപ്പെടുത്തേണ്ടതാണ്.

4.ക്വട്ടേഷൻ നൽകേണ്ട ദിവസം അവിചാരിത അവധിയോ മറ്റ് സാങ്കേതിക കാരണങ്ങളാൽ ഓഫീസ് പ്രവൃത്തിക്കാത്തപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയം വരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്നതുമാണ്.

5.യാതൊരുവിധ കാരണങ്ങളും കൂടാതെ ക്വട്ടേഷൻ നിരസിക്കുന്നതിന് സർവകലാശാലക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

6.ക്വട്ടേഷൻ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിനും ഐഡന്റിറ്റി കാർഡ്, ടാഗ് എന്നിവയുടെ സാമ്പിൾ പരിശോധനയ്ക്കും ഓഫീസ് പ്രവൃത്തി സമയത്ത് സർവകലാശാല രജിസ്ട്രാറുടെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

8. സമയപരിധി കഴിഞ്ഞ ക്വട്ടേഷൻ പരിഗണിക്കുന്നതല്ല.

9.സർവകലാശാല ആവശ്യപെടുന്നതനുസരിച്ച് ഐഡന്റിറ്റി കാർഡ്, ടാഗ് ലഭ്യമാക്കി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

10.സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

**മൈക്കിൾ മുരളി. പി**<br>
**ഡെപ്യൂട്ടി രജിസ്ട്രാർ**<br>
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ്: സർവകലാശാല നോട്ടീസ് ബോർഡ്/ വെബ്സൈറ്റ്

Approved By Michael Murali P (DEPUTY REGISTRAR) on April 1, 2026 12:00 AM IST
(The document is digitally approved and does not require any Seal or Signature in original)


KERALA VETERINARY AND ANIMAL SCIENCES UNIVERSITY POOKODE, WAYANAD, KERALA
കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല, പൂക്കോട്

**KERALA VETERINARY AND ANIMAL SCIENCES UNIVERSITY**

POOKODE, LAKKIDI, P.O.WAYANAD
PIN: 673576, PH: 04936 209223

ID No.



Name

Designation

REGISTRAR

Date of Retirement

Address

[redacted]

Ph. No. : [redacted]

Date of Birth : [redacted]

Blood Group : [redacted]

Aadhar No. : [redacted]

PAN : [redacted]

PF No : [redacted]

E-mail: [redacted]

Signature of Officer

**KERALA VETERINARY AND ANIMAL SCIENCE UNIVERSITY**
POOKODE, LAKKIDI.P.O, WAYANAD
PIN: 673576, PH: 04936 209220, 221

This Card should be surrendered in the event of discharge/retirement from service
Finder please report to Police to the Office

www.kvasu.ac.in